**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3405** **01-03-2023 - ൽ മറുപടിയ്ക്ക്**

**ഹൗസിംഗ് ബോർഡിൽ നിന്ന് വിരമിച്ച ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഹൗസിംഗ് ബോർഡിൽ നിന്ന് വിരമിച്ച ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതൊക്കെ ഇനങ്ങളിലുള്ള ആനുകൂല്യങ്ങളാണ് വിതരണം ചെയ്യാനുള്ളതെന്നും ആനുകൂല്യങ്ങളുടെ ആകെ തുക എത്രയാണെന്നും അറിയിക്കാമോ; | (എ) | 2015 മുതൽ ഭവന നിർമ്മാണ ബോർഡിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടെങ്കിലും ടെർമിനൽ സറണ്ടർ, ഡി.സി.ആർ.ജി, പെൻഷൻ കമ്മ്യൂട്ടേഷൻ എന്നിവ കുടിശ്ശികയാണ്. കുടിശ്ശികകൾ നൽകുന്നതിന് ഏകദേശം 47.84 കോടി രൂപ വേണ്ടി വരുന്നതാണ്. |
| (ബി) | അർഹതപ്പെട്ട പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കാത്തതിനാൽ നിരവധി കുടുംബങ്ങൾ കടക്കെണിയിൽ ആയിരിക്കുന്ന സാഹചര്യം പരിഗണിച്ച് മേൽപ്പറഞ്ഞ ആനുകൂല്യങ്ങൾ അടിയന്തരമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (ബി) | നടപടി സ്വീകരിച്ചു വരുന്നു. സംസ്ഥാന സർക്കാർ ബോർഡിന് അടിയന്തിരമായി 20 കോടി രൂപ റിലീസ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുകയും, പ്രസ്തുത തുകയിൽ അലോക്കേഷൻ ലിമിറ്റായ 62% (12 കോടി രൂപ) 2023 ജനുവരി മാസത്തിലും, 4 കോടി രൂപ 2023 ഫെബ്രുവരി മാസത്തിലും ഭവനനിർമ്മാണ ബോർഡിന് റിലീസ് ചെയ്ത് നല്കിയിരുന്നു. റിലീസ് ചെയ്തു നല്കിയ തുകയുടെ ഭൂരിഭാഗവും വിരമിച്ച ജീവനക്കാരുടെ പി.എഫ് തുക നൽകുന്നതിനാണ് വിനിയോഗിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ